# വൻ ഹാൻസ് ശേഖരം പിടികൂടി

ആലുവയിലും പരിസര പ്രദേശങ്ങളിലും ഹാൻസ് വില്പ്പന നടത്തി വന്ന യുവാവ് ആലുവ പോലീസിൻെറ പിടിയിലായി. ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ ഫൈസലിൻെറ നേതൃതത്തിലുള്ള ടീം ആണ് വൻതോതിലുള്ള ഹാൻസ് ശേഖരം പിടികൂടിയത്.ആലുവ സ്റ്റേഷൻ പരിധിയിൽ പെട്ട സ്ഥലങ്ങളിൽ ആലുവ എസ് ഐ യും പാർട്ടിയും പട്രോളിങ് നടത്തുന്നതിനിടെ SHO ക്ക് ലഭിച്ച വിശ്വാസയോഗ്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ 02.07.2017 തീയതി വൈകിട്ട് 7.30 മണിയോട് കൂടി ആലുവ ഉളിയന്നൂർ ഗവൺമെൻറ് എൽ പി സ്കൂളിന് പിറക് വശത്തുള്ള പ്രതിയുടെ ഉടമസ്ഥതയിലുള്ള ഒരു ഷെഡിൽ നിന്നുമാണ് വില്പനക്കായി സൂക്ഷിച്ചിരുന്ന വൻതോതിലുള്ള ഹാൻസും മറ്റു പുകയില ഉല്പന്നങ്ങളും പിടികൂടിയത്. എറണാകുളം ജില്ല ഉളിയന്നൂർ കര ചിത്തകുടത്ത് വീട്ടിൽ കുഞ്ഞുമുഹമ്മത് മകൻ 40 വയസ്സുള്ള അയ്യൂബ് ആണ് പോലീസ് പിടിയിലായത്. 2000 പാക്കറ്റ് ഹാൻസ് ഉൾപ്പെടെയുള്ള പുകയില ഉല്പന്നങ്ങളാണ് പ്രതിയിൽ നിന്നും പിടിച്ചെടുത്തത്. കോയമ്പത്തൂരില് നിന്നും വരുന്ന National Permit വാഹനങ്ങളിലെ Driver മാരിൽ നിന്നുമാണ് പുകയില ഉല്പന്നങ്ങൾ

പ്രതിക്ക് ലഭിച്ചു കൊണ്ടിരിക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഹാൻസി ഉറവിടത്തെകുറിച്ച് കൂടുതൽ അറിയുന്നതിനായി പോലീസ് അന്വേഷണം തുടങ്ങി കഴിഞ്ഞതായി SHO അറിയിച്ചു. **മേൽ** കേസ്സിലെ പ്രതി അയ്യൂബ് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ മണൽ കടത്ത് **ഉൾപ്പെടെയുള്ള** മറ്റു പല കേസ്സുകളിലും പ്രതിയായിട്ടുള്ള ആളാണ്. അന്വേഷണ സംഘത്തിൽ ആലുവ SHO നെ കൂടാതെ , CPO മാരായ നവാബ്, ഷമീർ എന്നിവരും ഉണ്ടായിരുന്നു.